**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3593** **02-03-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതിയിൽ പെൻഷൻ ലഭിക്കുന്ന എത്ര ഗുണഭോക്താക്കൾ ഉണ്ട് എന്ന് അറിയിക്കാമോ; | (എ) | ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34965 പേർക്കാണ് ഇപ്പോൾ ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുള്ളത്. |
| (ബി) | ഏത് തീയതി വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്; അറിയിക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ ആശ്വാസകിരണം പദ്ധതിയ്ക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പെൻഷൻ കുടിശിക വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷത്തിൽ ആശ്വാസകിരണം പദ്ധതിയ്ക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ